(4) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം കർശനമായി നടപ്പാക്കുക.

(5) ഓരോ കടവിൽ നിന്നും വാരുന്ന മണലിന്റെ അളവ്, അതിന്റെ ഉപയോഗം, ആർക്കാണ് വിൽക്കുന്നത് എന്നീ കാര്യങ്ങൾ പഞ്ചായത്ത് അധികാരികൾ രേഖപ്പെടുത്തുകയും ആ വിവരം വിദഗ്ധസമിതിക്ക് നൽകേണ്ടതും സമിതി സമയാസമയങ്ങളിൽ അത് വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

(6) മണൽവാരൽ നിയന്ത്രണ നിയമത്തിലെ നിബന്ധനകൾ ദുരുപയോഗം ചെയ്യുന്നില്ലെന്ന് എല്ലാ കടവുകളിലേയും കടവ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

(7) ഉചിതമായ നിയമനിർമ്മാണത്തിലൂടെ കെട്ടിട നിർമ്മാണം നിയന്ത്രിച്ചാൽ ആറ്റുമണലിന്റെ ഉപയോഗം കുറയ്ക്കാവുന്നതാണ്.

(8) പുഴയിലെ മണലിന്റെ അടിസ്ഥാന ഗുണത്തെപ്പറ്റി വ്യത്യസ്ത തലങ്ങളിൽ കാലാകാലങ്ങളിൽ ബോധവത്കരണം നടത്തേണ്ടതാണ്.

(9) മണൽവാരൽ കേന്ദ്രങ്ങളിൽ പുതിയ തൊഴിലാളികൾ വരുന്നതിനെ കർശനമായി നിയന്ത്രിക്കേണ്ടതാണ്.

(10) മൂന്നു വർഷത്തിലൊരിക്കൽ അധികാരപ്പെട്ടവർ മണലിന്റെ ആഡിറ്റ് നടത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി വിഭവ വിതരണ പദ്ധതി തയ്യാറാക്കി നദീതീരത്തിന്റെ മൊത്തത്തിലുള്ള പരിസ്ഥിതിയുടെ ഗുണം വീണ്ടെടുക്കണം.

(ഡി) പുഴ മണൽ നിക്ഷേപം, മണലിന്റെ വർഷാവർഷത്തിലുള്ള ലഭ്യത, പുഴയുടെ അടിത്തട്ടു താഴൽ, പരിസ്ഥിതി പ്രശ്നങ്ങൾ, മറ്റു സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ട് വരാവുന്ന മണലിന്റെ അളവിനേയും കടവുകളേയും കുറിച്ചുള്ള റിപ്പോർട്ട് പുഴയൊഴുകുന്ന പ്രദേശങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം തയ്യാറാക്കുകയും ജില്ലാ വിദഗ്ധ സമിതികൾക്ക് മേൽ നടപടികൾക്കായി അയച്ചു കൊടുക്കുകയും ചെയ്തു വരുന്നു. സെസ്സിന്റെ പഠനങ്ങളുടേയും മറ്റ് പഠനങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കൊണ്ടു വന്ന മണൽവാരൽ നിയന്ത്രണ നിയമം പ്രവർത്തിപഥത്തിലെത്തിക്കുന്നതിനാവശ്യമായ ശാസ്ത്രോപദേശങ്ങൾ ജില്ലാ വിദഗ്ധ സമിതികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും നൽകുകയും ചെയ്തു പോരുന്നു.

ചെലവ് കുറഞ്ഞ പാലങ്ങൾ

*4 [840] ശ്രീ. കെ. കെ. ഷാജു:
„ ജോണി നെല്ലൂർ:
„ ഉമേഷ് ചള്ളിയിൽ:
„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ചെറിയ നദികൾക്കും തോടുകൾക്കും ചെറുദ്വീപുകളെ കരയുമായി ബന്ധിപ്പിക്കുന്നതിനും ചെലവ് കുറഞ്ഞ ടെക്നോളജി ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വിശദമാക്കാമോ;

(സി) ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച ഇരുമ്പ് ഫ്രെയിം പാലങ്ങൾ ഇപ്പോഴും കേടുകൂടാതെ നിലനിൽക്കുന്നുവെന്നത് പരിഗണിച്ചും അവയുടെ ചെലവ് കുറവ് പരിഗണിച്ചും ഈ ടെക്നോളജി ഉപയാഗിക്കുന്നത് സംബന്ധിച്ച് സർക്കാർ സാദ്ധ്യതാ പഠനം നടത്തുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ—സി) റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് (ആർ. സി. സി.) ഉപയോഗിച്ച് പാലം പണിയുന്നതാണ് കൂടുതൽ ലാഭകരവും അനുയോജ്യവുമെന്നതിനാൽ ഈ രീതിയാണ് പാലം നിർമ്മാണത്തിന് ഇപ്പോൾ അവലംബിച്ചു വരുന്നത്. ഇരുമ്പ് ഉപയോഗിച്ച് നിർമ്മിക്കുന്ന പാലങ്ങൾക്ക് നിർമ്മാണച്ചെലവും മെയിന്റനൻസ് ചെലവും കൂടുതലായതിനാൽ ഈ രീതി ലാഭകരമല്ലെന്നു കണ്ടെത്തിയിട്ടുണ്ട്. ചെലവുകുറഞ്ഞ മറ്റ് സാങ്കേതിക വിദ്യ പാലം നിർമ്മാണത്തിനു പ്രയോജനപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം

*5 [841] ശ്രീ. മത്തായി ചാക്കോ:
„ കോടിയേരി ബാലകൃഷ്ണൻ:
„ കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) മാറ്റങ്ങൾ വരുത്തുന്നതിന് മുൻപ് ഏതെങ്കിലും വിദ്യാർത്ഥി സംഘടനകളുമായി കൂടിയാലോചിച്ചിരുന്നുവോ;

(ഡി) യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) നിലവിലുള്ള രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി തെരഞ്ഞെടുപ്പ് രീതി നിയന്ത്രിക്കാനും പാർലമെന്ററി മാതൃകയിൽ കോളേജ് തെരഞ്ഞെടുപ്പ് പരിഷ്കരിക്കാനും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly